**പാഠം 6**

# കുടുംബബന്ധങ്ങളിൽ സ്വസ്ഥത

## ശബ്ബത്ത് സായാഹ്നം

**ഈയാഴ്ചയിലെ പഠനത്തിന്: ഉല്പത്തി 34; 39; എബ്രായർ 11:17–22; ആവ. 4:29; 1 യോഹ. 3:1,2; എഫെ. 6:1–13.**

**മനഃപാഠവാക്യം: "എന്നാൽ പ്രിയമുള്ളവരേ, നിങ്ങൾ മുൻകൂട്ടി അറിഞ്ഞിരിക്കകൊണ്ട് അധർമികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്ത സ്ഥിരത വിട്ടു വീണുപോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ, കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ. അവന് ഇപ്പോഴും എന്നെന്നേക്കും മഹത്വം. ആമേൻ" (2 പത്രൊസ് 3:17,18).**

ആ യുവാവ് സൂക്ഷ്മതയോടെ ചക്രവാളമടക്കം ചുറ്റുപാടെല്ലാം വീക്ഷിക്കുകയായിരുന്നു. ദിവസങ്ങളോളം അവൻ തന്റെ സഹോദരങ്ങൾക്കുവേണ്ടി തിരഞ്ഞുകൊണ്ടിരുന്നു. അവസാനം അവരെ കണ്ടെത്തി. ദൂരെനിന്നുതന്നേ കൈകളുയർത്തി അഭിവാദനം ചെയ്തുകൊണ്ടവൻ കഠിനഹൃദയരായ അവരോടടുത്തു. അവന്റെ സ്വന്ത സഹോദരങ്ങൾ അവനെ കൊല്ലാൻ ഒരുങ്ങുകയായിരുന്നു. രൂബേൻ കൂട്ടത്തിലില്ലാതെയിരുന്നെങ്കിൽ പിന്നെ കഥയൊന്നും പറവാനുണ്ടാകയുമില്ല. രൂബേൻ ഇടപെട്ട് അവരെ മയപ്പെടുത്തിക്കൊണ്ട് അവനെ ഒരു പൊട്ടക്കിണറ്റിലിടുവാൻ തീരുമാനിച്ചു. അവസാനം യെഹൂദായുടെ അഭിപ്രായപ്രകാരം അവനെ അവിടെനിന്നു കയറ്റി അതിലേക്കു കടന്നുപോകുന്ന നാടോടികളായ ഒരു കൂട്ടം വ്യാപാരികൾക്കു വിറ്റ് അല്പം കാശും അവർ ഉണ്ടാക്കി. കുടുംബബന്ധം അറുത്തുമാറ്റുന്നതിന്റെ എന്തൊരു ക്രൂരമാതൃക! നാം ജീവിതത്തിൽ പലതും വേർപെടുത്താൻ തീരുമാനിച്ചേക്കാം. പക്ഷേ ഒരിക്കലുമതു നമ്മുടെ കുടുംബത്തെ ആകയില്ല.

ഇവിടെ ആരും പൂർണ്ണരല്ല, ആർക്കും പൂർണ്ണതയേറിയ കുടുംബവുമില്ല, ആരും തന്നെ പൂർണ്ണത നിറഞ്ഞ കുടുംബബന്ധം നയിക്കുന്നതുമില്ല. നമ്മിൽ ചിലർക്കു ദൈവസ്നേഹം പ്രതിഫലിപ്പിക്കുന്ന മാതാപിതാക്കളുടെയോ സഹോദരങ്ങളുടെയോ മറ്റു കുടുംബാംഗങ്ങളുടെയോ സാന്നിദ്ധ്യത്താലുള്ള അനുഗ്രഹം സിദ്ധിച്ചിരിക്കാം. പക്ഷേ പലരും അതിന്റെ ആശയപരമായി മാത്രം കഴിയേണ്ടിവരും. പലപ്പോഴും കുടുംബബന്ധങ്ങൾ കുഴഞ്ഞുമറിഞ്ഞും വേദനിപ്പിച്ചും സ്വസ്ഥത നശിപ്പിച്ചും മുറിവേല്പിച്ചും വൈകാരികഭാരങ്ങൾ ചുമപ്പിച്ചുമൊക്കെ ആയിരിക്കയും നാമിതിനൊക്കെയും മറ്റുള്ളവരിൽ പഴിചാരുകയും ആയിരിക്കും. നമ്മുടെ ജീവിതത്തിന്റെ ഈ ഭാഗത്ത് നമുക്കെങ്ങനെ ദൈവിക സ്വസ്ഥത അനുഭവിക്കാനാകും? കുടുംബബന്ധങ്ങൾ മുറിച്ചുമാറ്റുന്ന പശ്ചാത്തലത്തിൽ ദൈവം ഇടപെട്ടു സൗഖ്യവും വൈകാരികസ്വസ്ഥതയും എത്തിക്കുന്നതിനെക്കുറിച്ചു പഠിക്കേണ്ടതിന് ഈ ആഴ്ച നാം യോസേഫിന്റെ കഥയിലേക്കു തിരിയുകയാണ്.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ആഗസ്റ്റ് 7 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ഭവനത്തിൽനിന്നു മുറിച്ചുകളയുന്നു

ബന്ധങ്ങൾ മുറിച്ചുമാറ്റപ്പെട്ട കുടുംബങ്ങളെക്കുറിച്ചു യോസേഫിന് അറിവുണ്ടായിരുന്നു തന്റെ വല്യപ്പൂപ്പനും അമ്മൂമ്മയുമായ അബ്രഹാം, സാറ എന്നിവരിലും അതു കണ്ടിരുന്നു. താൻ വന്ധ്യയാണെന്നു മനസ്സിലാക്കിയ സാറാ തന്റെ ബാല്യക്കാരത്തിയായ ഹാഗാറിനെ അബ്രഹാമിന് ഏല്പിച്ചുകൊടുത്തു. ഹാഗാർ ഗർഭിണി ആയ ഉടൻ തന്നെ മത്സരം തുടങ്ങി. ഈ സാഹചര്യം കണ്ടു വളർന്ന ഇസ്മായേലും യിസ്ഹാക്കും ഇതിന്റെ പിരിമുറുക്കങ്ങളെല്ലാം തങ്ങളുടെ സ്വന്ത കുടുംബങ്ങളിലും കൊണ്ടുവന്നു. യിസ്ഹാക്ക് ഏശാവിനെ കൂടുതൽ ഇഷ്ടപ്പെട്ടു. എന്നാൽ പിതാവിന്റെ സ്നേഹവും ബഹുമാനവും നേടിയെടുക്കാൻ യാക്കോബും തന്റെ ജീവിതത്തിൽ പരിശ്രമിച്ചു. ഭാവിയിൽ രണ്ടു സഹോദരിമാരെ വിവാഹം ചെയ്വാൻ യാക്കോബിന്മേൽ കെണിയൊരുക്കി. അസ്വസ്ഥരായ അവർ കൂടുതൽ സന്താനലഭ്യതയ്ക്കു തങ്ങളുടെ ബാല്യക്കാരത്തികളെയും യാക്കോബിനെ ഏല്പിച്ചു.

ഉല്പത്തി 34 വായിക്കുക. ഇതിലെ വൈകാരിക ബന്ധങ്ങളുടെ സമ്മർദ്ദം കുടുംബത്തിന്മേൽ എത്ര പ്രഹരമേല്പിച്ചു? ചെറുപ്പക്കാരനായ യോസേഫിന്മേൽ അതു എന്തുമാത്രം ആഘാതമുണ്ടാക്കി?

അമ്മമാർ തമ്മിലുള്ള സംഘട്ടനം മക്കളിലേക്കു ചൊരിയപ്പെടുകയും അവരും മല്ലടിപ്പാൻ ഒരുങ്ങുകയുമായിരുന്നു. യോസേഫിന്റെ ജ്യേഷ്ഠന്മാരും യുവാക്കളുമായിരുന്ന രണ്ടുപേർ ശേഖേമിലെ പുരുഷപ്രജകളെയൊക്കെ ഒന്നടങ്കം കൊന്നുകളഞ്ഞിരുന്നു. യാക്കോബിന്റെ പല മക്കളുടെ അമ്മയും റാഹേലിന്റെ ബാല്യക്കാരത്തിയുമായ ബിൽഹായുടെ കൂടെ രൂബേൻ ശയിച്ചതു നിമിത്തം വാർദ്ധക്യത്തിലായിരുന്ന പിതാവായ യാക്കോബിന്മേൽ അവനോടുള്ള അവജ്ഞ തലയുയർത്തി നില്ക്കുകയാണ് (ഉല്പത്തി 35:22). അതേസമയം യോസേഫിന്റെ മറ്റൊരു സഹോദരനായ യെഹൂദാ തന്റെ മരുമകളും വിധവയുമായവളെ വേശ്യയെന്നു തെറ്റിദ്ധരിച്ചു പരിഗ്രഹിച്ചതിൽ അവൾ ഇരട്ടക്കുട്ടികളുടെ അമ്മ ആയിരിക്കുകയാണ് (ഉല്പത്തി 38).

ഇപ്രകാരമുള്ള കുടുംബവൈകാരികതകളുടെ കൂടെ കൂടുതൽ ഇന്ധനം പകർന്നുകൊണ്ട് യാക്കോബിനു യോസേഫിനോടുള്ള പ്രത്യേകത നിമിത്തം വിവിധ നിറങ്ങളോടുകൂടിയ ഒരു മേലങ്കി അവനു തയ്പിച്ചുകൊടുക്കുകയും ചെയ്തു (ഉല്പത്തി 37:3). അറ്റുപോയിക്കൊണ്ടിരിക്കുന്ന ബന്ധങ്ങൾ നിറഞ്ഞ ഒരു കുടുംബമായിരുന്നെങ്കിൽപ്പോലും അതിനോടു പൊരുതി നില്പാൻ ആ ഗോത്രപിതാവിന്റെ കുടുംബത്തിനു സാദ്ധ്യമായി.

അവരുടെ കുടുംബബന്ധങ്ങൾക്കുള്ളിൽ കുഴഞ്ഞുമറിഞ്ഞ അവസ്ഥ ഉണ്ടായിരുന്നെങ്കിലും വിശ്വാസവീരന്മാരായി അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരെ എബ്രായർ 11:17–22 വരെയുള്ള ഭാഗത്തു വിവരിച്ചിരിക്കുന്നതെന്തുകൊണ്ട്?

ദൈവത്തിന്റെ വിശ്വാസവീരന്മാർ പലപ്പോഴും ദൈവത്തിന്റെ പ്രതീക്ഷയിൽനിന്നു തരംതാണു വീഴുന്നുണ്ട്.

നിങ്ങൾ പരമ്പരാഗതമായി കൈവരിച്ചിരിക്കുന്ന കുടുംബപശ്ചാത്തലത്തിൽ അറ്റുപോയിരിക്കുന്നത് എന്തൊക്കെയാണ്? ഈ കുടുംബപാരമ്പര്യങ്ങളെ തകർത്തു ഭാവിയിലേക്കു കണ്ണുയർത്തി മുന്നേറുന്നതിനു നിങ്ങളെ എപ്രകാരം കർത്താവിനു സമർപ്പിക്കുവാനാകും?

## പുതിയ മാർഗ്ഗദർശനം തിരഞ്ഞെടുക്കൽ

ഒരു അടിമയായി വില്ക്കപ്പെട്ടു മിസ്രയീമിലേക്കു പോകുന്ന യോസേഫ് തകർന്ന ബന്ധങ്ങളും ഉത്കണ്ഠകളും പേറി വേദനിച്ചുകൊണ്ടുപോകുകയായിരുന്നു. ഇതൊരു സ്വസ്ഥതയുടെ യാത്ര ആയിരുന്നില്ല. കണ്ണുനീരിൽ കുതിർന്നിരുന്നു അത്.

അവനെ വാങ്ങിയവരോടൊത്ത് യോസേഫ് മിസ്രയീമിലേക്കുള്ള പാതയിലായിരുന്നു. തെക്കോട്ടു തിരിഞ്ഞു കനാന്റെ അതിരുകളിലേക്ക് ആ കച്ചവടസംഘം യാത്ര ചെയ്യുമ്പോൾ തന്റെ പിതാവിന്റെ കൂടാരങ്ങളുള്ള കുന്നുകൾ ദൂരെ അവനു കാണാമായിരുന്നു. തന്റെ ഏകാന്തതയിലും കഷ്ടപ്പാടിലും നൊന്തുനീറിക്കൊണ്ട് സ്നേഹനിധിയായ അപ്പനെക്കുറിച്ചുള്ള ചിന്തയിൽ അവൻ കയ്പ്പോടെ കരഞ്ഞു. പിന്നെ ദോഥാൻ പ്രദേശം അവന്റെ ദൃഷ്ടിയിൽപ്പെട്ടു. കോപാകുലരായ തന്റെ സഹോദരന്മാരെയും അവരുടെ കുടുംബ ക്രൂരദൃഷ്ടികളെയും അവന്റെ കൺമുമ്പിൽ കാണുകയാണ്. നിലവിളിച്ചുകൊണ്ടുള്ള അവന്റെ അഭയയാചനകൾ അവർ ശ്രദ്ധിക്കാതിരുന്നതും തുടർന്നുള്ള അവരുടെ ശകാരവാക്കുകളും അവന്റെ കർണ്ണപുടത്തിൽ അലയടിച്ചുകൊണ്ടിരുന്നു. വിറകൊള്ളുന്ന ഹൃദയത്തോടെ അവൻ ഭാവിയിലേക്കു കണ്ണോടിച്ചു. സാഹചര്യത്തിൽ വന്നെത്തിയ എത്ര വലിയമാറ്റം അമിതവാത്സല്യത്തോടെ വളർത്തപ്പെട്ട മകനിൽനിന്ന് എല്ലാവരാലും വെറുക്കപ്പെട്ട് നിസ്സഹായനായ അടിമയിലേക്ക് അവൻ പോകുന്ന അപരിചിത ദേശത്തു സ്നേഹിതരാരും ഇല്ലാത്ത ഒറ്റപ്പെട്ട അവസ്ഥ. നിയന്ത്രണാതീതവേദനയും ഭയവും അവനെ കുറെനേരത്തേക്കു ഗ്രസിച്ചിരുന്നു.

“പിന്നെ അവന്റെ ചിന്തകൾ തന്റെ പിതാവിന്റെ ദൈവത്തിങ്കലേക്കു തിരിഞ്ഞു. ആ ദൈവത്തെ സ്നേഹിക്കുവാനും ഭയപ്പെടുവാനും ചെറുപ്പം മുതൽക്കുതന്നെ അവൻ അഭ്യസിക്കപ്പെട്ടിരുന്നു. തള്ളപ്പെട്ടവനും അഭയാർത്ഥിയുമായി വീടുവിട്ടോടുന്ന യാക്കോബിനു വഴിമദ്ധ്യേയുണ്ടായ ദർശനം അവൻ ചെറുപ്പത്തിൽത്തന്നെ അപ്പന്റെ കൂടാരത്തിൽവച്ചു കേട്ടിട്ടുണ്ട്. ഈ വിലപ്പെട്ട പാഠങ്ങളെല്ലാം വ്യക്തമായി ഇപ്പോൾ അവന്റെ മുമ്പിൽ നിഴലിക്കുന്നു. തന്റെ പിതാവിന്റെ ദൈവം തന്റെയും ദൈവമാണെന്നു യോസേഫ് വിശ്വസിച്ചു. അവിടെവച്ച് അപ്പോൾത്തന്നെ ആ ദൈവത്തിങ്കലേല്പിച്ചുകൊണ്ടു യിസ്രായേലിന്റെ സൂക്ഷിപ്പുകാരനായ ആ ദൈവം താൻ പോകുന്ന പരദേശത്തു തന്റെ കൂടെയും ഉണ്ടായിരിക്കേണ്ടതിനു യോസേഫ് പ്രാർത്ഥിച്ച് അപേക്ഷിച്ചു” PP, PP, 213, 214.

വ്യക്തിപരമായ സമർപ്പണത്തെക്കുറിച്ച് ഈ വാക്യങ്ങൾ എന്തുപറയുന്നു? (ആവ. 4:29; യോശുവ 24:15; 1 ദിന. 16:11; സങ്കീ. 14:2; സദൃശ. 8:10; യെശ. 55:6).

നമ്മുടെ പൂർവ്വികർ വിശ്വാസനായകന്മാർ ആയിരുന്നെങ്കിൽ പോലും ആ വിശ്വാസവും ആത്മികതയും ജനിതകഘടകങ്ങളിൽക്കൂടെ പിന്തുടർന്നു വരുന്നില്ല. ദൈവത്തിനു മക്കൾ മാത്രമേയുള്ളൂ, കൊച്ചുമക്കളില്ലായെന്ന് ഓർത്തുകൊള്ളുക.

ദിനംതോറും ദിവസത്തിന്റെ ഓരോ നിമിഷവും നിങ്ങളെ ദൈവത്തിനേല്പിച്ചുകൊടുക്കുന്നതിന്റെ പ്രാധാന്യം എന്താണ്? അതു ചെയ്യുന്നില്ലായെങ്കിൽ എന്തു സംഭവിക്കും?

## നേരായ സ്വത്തുമൂല്യം കണ്ടെത്തുക

യോസേഫ് രക്ഷപ്പെടുവാനും ഭവനത്തിൽ തിരിച്ചെത്തുവാനും ശ്രമിച്ചിരുന്നെങ്കിൽ മിസ്രയീമിൽ എത്തിച്ചേരുന്നതിൽ ജീവിതം തട്ടി ഉടയുമായിരുന്നു. അവിടെയവൻ ഒരു ഉത്തമകുടുംബത്തിലേക്കു വീണ്ടും വില്ക്കപ്പെട്ടു. യിസ്രായേല്യരുടെ പക്കൽനിന്ന് അവിടെ ഫറവോന്റെ അകമ്പടിനായകനായ പോത്തീഫർ എന്ന ഒരു മിസ്രയീമ്യൻ അവനെ വിലക്കു വാങ്ങി (ഉല്പത്തി 39:1). അവനു വളരെ അപരിചിതമായ ഒരു ഭാഷയിലേക്കും സംസ്കാരത്തിലേക്കും ആ യുവാവ് തള്ളപ്പെട്ടു.

നമ്മുടെ സ്വയമൂല്യം വളർത്തിയെടുക്കുന്നതിനു സ്വന്തകുടുംബങ്ങളും ബന്ധുക്കളുമൊക്കെ ചുഴിക്കുറ്റികൾ പോലെ തിരിയാറുണ്ട്. താൻ എന്തോ പ്രത്യേകതയുള്ളവനാണെന്നു യോസേഫിനു തന്നെക്കുറിച്ചു തോന്നിത്തുടങ്ങി. തന്റെ അപ്പൻ ഏറ്റവും അധികം സ്നേഹിച്ച ഭാര്യയുടെ മൂത്തമകനാണ് അവൻ (ഉല്പത്തി 29:18). അപ്പന്റെ മുമ്പിലും അവൻ കണ്ണിലുണ്ണിയാണ്. പല നിറങ്ങളുള്ള മനോഹരനിലയങ്കി അവനുമാത്രമേ അപ്പൻ കൊടുത്തിരുന്നുള്ളൂ (ഉല്പത്തി 37:3,4).

പക്ഷേ ഇപ്പോൾ അവൻ ആരാണ്? ഒരു അടിമ. തോന്നുമ്പോൾ വില്ക്കപ്പെടുവാനോ വേണമെന്നു തോന്നുന്നവർക്കു വാങ്ങുവാനോ കഴിയും. അവന്റെ ചുറ്റുപാടെല്ലാം എത്രവേഗം മാറിപ്പോയെന്നും നോക്കുക. എത്രവേഗം ജീവിതം അവനു പ്രതികൂലമായി മാറിയെന്നു കാണുക.

നാം എല്ലാവരും പഠിച്ചിരിക്കേണ്ട പാഠം യോസേഫ് പഠിച്ചുതുടങ്ങുകയാണ്. നമുക്ക് എന്തുവിലയുണ്ടെന്നു മറ്റുള്ളവർ പറയുവാൻ നാം വിട്ടുകൊടുക്കുകയാണെങ്കിൽ നാം ഭയാനകമായൊരു കുഴപ്പത്തിൽ ചാടുകയാണ്. നാം എന്താണോ ആയിരിക്കുന്നത് അതിനെ അഭിനന്ദിപ്പാൻ അധികമാരും ഉണ്ടാകയില്ല. അതിനുപകരം ദൈവം നമ്മെക്കുറിച്ച് എന്തു ചിന്തിക്കുന്നുവോ, ദൈവം നമ്മെ എങ്ങനെ കാണുന്നുവോ അതിലേക്കു തിരിഞ്ഞു നമ്മുടെ സ്വയമൂല്യം നാം കണ്ടെത്തണം. നാം ഇപ്പോൾ ആയിരിക്കുന്ന നിരയിലായിരിക്കുകയല്ല അത്.

നമ്മെ ഓരോരുത്തരെയും ദൈവം ഏതുരീതിയിൽ കാണുന്നു? യെശ. 43:1; മലാഖി 3:17; യോഹ. 1:12; യോഹ. 15:15; റോമർ 8:14; 1 യോഹ. 3:1, 12.

കൃപ നിറഞ്ഞ കണ്ണുകളോടെ ദൈവം നമ്മെ ഓരോരുത്തരെയും നോക്കുന്നു. നമുക്കാർക്കും സങ്കല്പിക്കാവുന്നതിലുമധികം വീര്യവാന്മാരും അഴകേറിയവരും പ്രതിഭാധനരുമായി ദൈവം നമ്മെ കാണുന്നു. ഇതിനെക്കാളെല്ലാം ഉപരിയായി നാം എത്തിച്ചേരേണ്ടതിനു നമുക്കുവേണ്ടി മരിപ്പാനും ദൈവം ഇറങ്ങിവന്നു. നമ്മുടെ പാപപ്രകൃതത്തിന്റെ ഭീകരത നമുക്കു കാണിച്ചുകൊണ്ടിരിക്കയാണ്. മറ്റുള്ളവർ നമ്മെക്കുറിച്ചു ചിന്തിക്കുന്നതിലും നാം നമ്മെ വിലയിരുത്തുന്നതിലും അപ്പുറമായി ദൈവം നമ്മെ സ്നേഹിക്കുകയും പാപത്തിന്റെ അതിഭീകരശക്തിയിലും അധികാരത്തിലും നിന്ന് നമ്മെ തിരിച്ചെടുത്തു. നിത്യമരണത്തിൽനിന്നു നിത്യജീവങ്കലേക്കു കൊണ്ടുവരേണ്ടതിനു ദൈവം തന്നെത്താൻ അർപ്പിച്ചു കഴിഞ്ഞു.

പ്രധാനചോദ്യം എല്ലായ്പോഴും ഒന്നുതന്നെ. യേശുവിൽക്കൂടെ പ്രകടമായിക്കാണുന്ന ദൈവസ്നേഹത്തിനു നാം എപ്രകാരം പ്രത്യുത്തരം കൊടുക്കും?

## ദൈവവഴിയിൽ ബന്ധം സ്ഥാപിക്കൽ

മിസ്രയീമിൽ യോസേഫിന്റെ കഥ പ്രാരംഭഘട്ടത്തിൽ നല്ലൊരു ചായ്‌വിലേക്കായിരുന്നു. യോസേഫ് തന്നെത്താൻ മുഴുവനായി ദൈവത്തിനു സമർപ്പിച്ചതിനാൽ അവൻ അനുഗ്രഹിക്കപ്പെടുകയും അവന്റെ സങ്കല്പങ്ങൾക്കതീതമായി പോത്തീഫറിന്റെ വീട്ടിൽ ഉന്നതിയിലെത്തുകയും ചെയ്തു.

യോസേഫിന്റെ ജീവിതത്തിൽ ദൈവത്തിങ്കൽനിന്നുള്ള എന്തൊക്കെ പ്രായോഗിക അനുഗ്രഹങ്ങൾ കണ്ടെത്താനാകും? മറ്റുള്ളവരുമായുള്ള യോസേഫിന്റെ ബന്ധങ്ങൾ എപ്രകാരമായിരുന്നു? ഉല്പത്തി 39:1–6 വായിക്കുക.

പോത്തീഫറിന്റെ വീട്ടിൽ യോസേഫ് നന്നായിട്ടായിരുന്നെങ്കിലും വീട്ടുജോലിക്കാരുമായി നല്ല ബന്ധത്തിലായിരുന്നെങ്കിലും വയലുകളിലെ പ്രവർത്തനങ്ങളെല്ലാം നന്നായിരിക്കുന്നുണ്ടെങ്കിലും മറ്റുചില കുഴപ്പങ്ങൾ തിളച്ചുമറിയുന്നുണ്ട്. അവിടെ ഒരാൾ അസ്വസ്ഥയായിക്കഴിയുന്നു.

അവിടെ യോസേഫ് നേരിടുന്ന സമ്പർക്ക പ്രശ്നം എന്താണ്? അതിനെ എപ്രകാരം നേരിടുവാൻ യോസേഫ് ശ്രമിച്ചുകൊണ്ടിരുന്നു? ഉല്പത്തി 39:7–10 വായിക്കുക.

പോത്തീഫറിന്റെ ഭാര്യയിൽനിന്നു യോസേഫിനു പ്രശ്നങ്ങളുണ്ടായി. അതിനെ മറ്റൊരു രീതിയിൽ നമുക്കു വിശദമാക്കാം. പോത്തീഫറിന്റെ ഭാര്യയ്ക്കു പ്രശ്നങ്ങളുണ്ടായി. അവിഹിതമായി തനിക്ക് ഉപയോഗിപ്പാൻ പറ്റുന്ന സാധനങ്ങളെന്നവണ്ണം അവൾ മറ്റുള്ളവരെ കാണുകയായിരുന്നു. യോസേഫിനെ "ഉപയോഗിക്കാം" എന്നവൾ ആഗ്രഹിച്ചു. യോസേഫ് "കോമളനും മനോഹരരൂപിയും" ആയിരുന്നെന്നു വിവരിച്ചിരിക്കുന്നു (ഉല്പത്തി 39:7). മനുഷ്യരുടെ ശാരീരികവശങ്ങൾ ഒരിക്കലും ബൈബിൾ പ്രഖ്യാപിക്കാറില്ല. കാരണം, "മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു" (1 ശമൂ. 16:7). യോസേഫിന്റെ ശരീരപ്രകൃതി ഇവിടെ അവനൊരു സഹായമാകുന്നതിനു പകരം പ്രതിബന്ധമാവുകയാണ്. ദൈവികതത്വങ്ങളോടു വിശ്വസ്തതയും പാവനത്വവും കാത്തുപാലിക്കുന്നതിനും പ്രയാസങ്ങൾ നേരിടുന്നു.

ഈ ചീത്ത സ്ത്രീയുടെ നിർബ്ബന്ധത്തിനുപരിയായി യോസേഫ് മറ്റെന്തോ എതിരായി പ്രവർത്തിക്കുന്നു. പോത്തീഫറിന്റെ ഭാര്യയുടെ നിർബ്ബന്ധത്തിലടക്കം ജീവിതത്തിൽ നേരിടുന്ന എല്ലാ പ്രതികൂലതകളിലും യോസേഫ് വേദപുസ്തകതത്വങ്ങൾ പ്രയോഗിക്കുന്നു.

പോത്തീഫറിന്റെ ഭാര്യ അവനെ വീണ്ടും വീണ്ടും പ്രലോഭിപ്പിച്ചുകൊണ്ടിരുന്നു (ഉല്പത്തി 39:10). തന്റെ തീരുമാനത്തെക്കുറിക്കുന്ന യോസേഫിന്റെ പ്രചോദനം എന്താണെന്നവൻ പറഞ്ഞെങ്കിലും (ഉല്പത്തി 39:8,9) അതൊന്നും ഫലപ്പെട്ടില്ല.

ദൈവസാന്നിദ്ധ്യത്തിൽ ജീവിപ്പാൻ യോസേഫ് പഠിച്ചു. ഈ അറിവ് പരീക്ഷയെ എതിർത്തുനില്പാൻ അവനെ സഹായിച്ചു.

മറ്റൊരു വ്യക്തി ശരിയായ രീതിയിലല്ലായെങ്കിലും നിങ്ങളുടെ എല്ലാ ബന്ധങ്ങളിലും തിരുവചനതത്വങ്ങൾ പ്രായോഗികമാക്കുവാൻ നിങ്ങൾ ശ്രമിക്കുന്നുണ്ടോ? അതെങ്ങനെ പ്രയോജനപ്പെടുന്നു? മത്തായി 5:43–48 വായിക്കുക. ഇങ്ങനെ ആയിരിക്കുന്നത് എന്തുകൊണ്ടു പ്രധാനമാണ്?

## വൻപോരാട്ടം, അന്ത്യവും വ്യക്തിപരവും

തത്വങ്ങളിലുറച്ച തീരുമാനം എടുത്തതുകൊണ്ട് യോസേഫ് കഷ്ടപ്പാടുകൾ നേരിട്ടു (ഉല്പത്തി 39:11-20) അവനെ കാരാഗ്രഹത്തിലിട്ടു. പോത്തീഫറിന്റെ സ്വത്താകയാൽ അവനെ അപ്പോൾത്തന്നെ കൊന്നാലും ആരും ചോദിപ്പാനില്ല. ഭാര്യയുടെ വാക്കു പ്രഥമദൃഷ്ട്യാ പോത്തീഫർ വിശ്വസിച്ചില്ലായെങ്കിലും അവനു തന്റെ മാനം കാക്കേണ്ടതുണ്ട്. ഭീകര പരിതസ്ഥിതികൾ നേരിടേണ്ടിവന്നെങ്കിലും തിരുവെഴുത്തു പറയുന്നത്: "യഹോവ യോസേഫിനോടുകൂടെ ഇരുന്നു" (ഉല്പത്തി 29:21) എന്നാണ്.

ഭൂമിയെന്ന ഈ ഗ്രഹത്തിലെ ജീവിതം സുഗമമല്ല. നന്മയ്ക്ക് എപ്പോഴും പ്രതിഫലവും ദുഷ്ടതയ്ക്ക് ഉടനെയുള്ള ശിക്ഷയുമില്ല. എന്നാലും നല്ല വാർത്തകളുമുണ്ട്. യോസേഫിനു കാരാഗ്രഹത്തിലും സ്വസ്ഥതയുണ്ടായി. കാരണം ദൈവം അവനോടൊത്തുണ്ടായിരുന്നു. താൻ നേരിട്ട അനീതിയുടെ അവസരമോർത്തവൻ ചിന്തിച്ചിരിക്കാം. പക്ഷേ വീണ്ടുമവൻ ദൈവത്തിങ്കൽ സ്വയം ഏല്പിക്കപ്പെട്ടു.

കാരാഗ്രഹത്തിലായിരുന്നപ്പോൾ യോസേഫ് എന്തുചെയ്തു? ചുറ്റുപാടുമുള്ളവരുമായി അവന്റെ ബന്ധം എപ്രകാരമായിരുന്നു? ഉല്പത്തി 39:21-23; 40:1-22 എന്നിവ വായിക്കുക.

ആശയപരമായിട്ടല്ല, യാഥാർത്ഥ്യമായിത്തന്നെ യോസേഫ് കാരാഗ്രഹത്തിൽ പ്രവർത്തിച്ചു. അവൻ ആശിച്ച ആശയങ്ങൾക്കു വിരുദ്ധമായിട്ടായിരുന്നു കാരാഗ്രഹവാസമെങ്കിലും അവിടെ എല്ലാവർക്കുമവൻ സഹായി ആയിരുന്നു. ആരു സഹായം ചോദിച്ചാലും സന്തോഷത്തോടെ അവൻ ചെയ്തുകൊടുത്തിരുന്നു. ആർക്കും അവനെ സമീപിക്കാമായിരുന്നു. പാനപാത്രവാഹകന്റെ സ്വപ്നം വ്യാഖ്യാനിച്ചുകൊടുത്തിട്ട് അവനോടൊരു സഹായം യോസേഫ് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

പൗലൊസ് സമർപ്പിക്കുന്ന ബന്ധങ്ങളെപ്പറ്റിയുള്ള വലിയ കാഴ്ചപ്പാട് എന്താണ് എഫെ. 6:1-13?

ക്രിസ്തുവും സാത്താനും തമ്മിൽ യുഗങ്ങളായി നടന്നുവരുന്ന വൻപോരാട്ടത്തിന്റെ ചെറുപ്രതിഫലനങ്ങളാണ് നമ്മുടെ സകലബന്ധങ്ങളും. അതിന്റെ അർത്ഥം പരിപൂർണ്ണബന്ധങ്ങൾ ഒന്നുംതന്നെ ഇല്ലായെന്നതാണ്. നമ്മുടെ ജീവിതത്തെ സംബന്ധിച്ചു ദൈവത്തിനുള്ള താല്പര്യങ്ങളെ തടസ്സപ്പെടുത്തുന്നതിനു സാത്താൻ നമ്മുടെ അടുത്ത ബന്ധങ്ങളെപ്പോലും തന്റെ ഇഷ്ടത്തിനായി ഉപയോഗപ്പെടുത്തും. ഓരോ ബന്ധവും ദൈവികമായി വളർച്ച പ്രാപിക്കേണ്ടതാണ്. ഈ പോരാട്ടത്തിൽ നാം ഒറ്റയ്ക്കുനിന്നു പോരാടേണ്ടതില്ലായെന്നതിൽ ദൈവത്തിനു നന്ദിയർപ്പിക്കാം. നമ്മുടെ ബന്ധങ്ങൾക്കാവശ്യമായ തത്വങ്ങൾ തിരുവചനത്തിൽ അടങ്ങിയിരിക്കുന്നു. ജ്ഞാനം തരാമെന്ന ദൈവിക വാഗ്ദത്തവും ബന്ധങ്ങൾ പരിപാലിക്കപ്പെടേണ്ടതിന്നാണ് (യാക്കോബ് 1:5). നമ്മുടെ ബന്ധങ്ങൾ കുഴഞ്ഞുമറിയുമ്പോൾ നമ്മോടൊത്തും ഉണ്ടായിരിക്കാമെന്നു യോസേഫിനോടൊത്തുണ്ടായിരുന്ന ദൈവം വാഗ്ദത്തം ചെയ്യുന്നു.

യാക്കോബ് 1:5 വായിച്ചു ധ്യാനിക്കുക. നിങ്ങളുടെ ബന്ധങ്ങളിൽ ഈ ജ്ഞാനം തിളങ്ങേണ്ടതിന്നു ദൈവത്തോടു പ്രാർത്ഥിക്കുക. മനുഷ്യരോടുള്ള ബന്ധത്തിൽ പരിശുദ്ധാത്മ പ്രേരണയ്ക്കായി എപ്രകാരം നിങ്ങൾക്ക് അപേക്ഷിക്കാം?

## കൂടുതൽ ആശയങ്ങൾ:

പോത്തീഫറിന്റെ ഭാര്യയുമായുള്ള പ്രതികൂലതയിൽ യോസേഫിന് എന്തുസംഭവിച്ചു എന്നതിന്റെ പശ്ചാത്തലത്തിൽ എലൻ ജി. വൈറ്റ് എഴുതുന്നത്: "ഈ ഭൂമിയിൽ പാർക്കുന്ന എല്ലാവർക്കും സകല തലമുറകളിലും ആവശ്യമുള്ള ഒരു ഉദാഹരണം ഇവിടെയുണ്ട്... ദൈവം എപ്പോഴും സഹായിക്കുന്നവനും തന്റെ ആത്മാവ് ഒരു പരിചയുമാണ്. ഭീഷണിപ്പെടുത്തുന്ന പരീക്ഷകളുടെ മദ്ധ്യേ ആണെങ്കിലും അവയെ ഒക്കെ നേരിട്ടു വിജയിക്കുന്നതിനു ശക്തിയുടെ ഉറവുണ്ട്. യോസേഫിന്റെ ധാർമിക ബോധത്തിനെതിരെയുള്ള എത്ര വലിയൊരു ആക്രമണമായിരുന്നു ഇത്. നശിച്ചുകളവാൻ പര്യാപ്തമായ ഉന്നതസ്വാധീനത്തിൽനിന്നുള്ളതായിരുന്നു അത്. എന്നിട്ടും എത്ര ഉറപ്പോടും ഊർജ്ജിതമായും അതിനെ നേരിട്ടു. അവന്റെ പ്രശസ്തിയും താല്പര്യങ്ങളുമെല്ലാം ദൈവകരങ്ങളിലേല്പിച്ചു. കുറച്ചുനാളേക്കുള്ള കഷ്ടങ്ങൾ അവൻ നേരിട്ടത് ഒരു പ്രത്യേക സ്ഥാനം അവനു നിറവേറ്റുവാനുള്ളതു കൊണ്ടായിരുന്നു. അവന്റെ പ്രശസ്തിയെ ദൈവം പാലിച്ചു. ദുഷിച്ച കുറ്റാരോപകനാൽ അല്പസമയത്തേക്കത് ഇരുളായി എങ്കിലും ദൈവത്തിന്റെ പ്രത്യേക സമയം സമാഗതമായപ്പോൾ അതു ശോഭാമയമായി. അവന്റെ ഉയർച്ചക്കുള്ള പാതയായി കാരാഗ്രഹത്തെ ദൈവം മാറ്റിയെടുത്തു. തക്കസമയത്തു സദാചാരം പ്രതിഫലം കൊണ്ടുവന്നു. യോസേഫിന്റെ ഹൃദയത്തെ വലയം ചെയ്തിരുന്ന പരിച ദൈവഭയമായിരുന്നു. തന്റെ ഭൗതികനേതാക്കളോടു വിശ്വസ്തത പാലിപ്പാനും ദൈവത്തോടു സത്യസന്ധനായിരിപ്പാനും അത് അവനെ സഹായിച്ചു. തന്റെ ഭൗമിക നേതാവു യഥാർത്ഥ വസ്തുത എന്തെന്ന് അറിഞ്ഞിട്ടില്ലായിരുന്നെങ്കിലും അവനിലുള്ള അദ്ദേഹത്തിന്റെ ആത്മവിശ്വാസം നഷ്ടപ്പെട്ടതിൽ അവനു കുണ്ഠിതമുണ്ടായിരുന്നു" SP. Vol. 1, P. 132.

## ചർച്ചാചോദ്യങ്ങൾ

1. **നാമധേയ ക്രിസ്ത്യാനികളോ സംസ്കാരസമ്പന്നരായ അഡ്വന്റിസ്റ്റുകാരോ ആയതുകൊണ്ടു നമ്മുടെ ബന്ധങ്ങളിൽ സ്വസ്ഥത കണ്ടെത്താനാകയില്ല. സംസ്കാരസമ്പന്നരായ അഡ്വന്റിസ്റ്റുകാരും സത്യവിശ്വാസികളും തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങളാണുള്ളത്?**

2. **സഹോദരി X (എക്സ്) സഭയിൽ ചേർന്നതേയുള്ളൂ. ഒരു അവിശ്വാസിയുമായി അവളുടെ വിവാഹം നടന്നു. അവൾക്കു ഭർത്താവിനെ ഇഷ്ടമാണ്. പക്ഷേ അവളിലെ മാറ്റങ്ങൾ അവൻ ഇഷ്ടപ്പെടുന്നില്ല. ഇങ്ങനെയുള്ള പുതിയ സഭാംഗങ്ങളോടു തിരുവചനതത്വങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ ഗുണദോഷം എന്താണ്?**

3. **റഷ്യൻ എഴുത്തുകാരനായ ലിയോ ടോൾസ്റ്റോയി എഴുതി: എല്ലാ സന്തുഷ്ട കുടുംബാംഗങ്ങളും ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ മുറിച്ചുമാറ്റൽ നേരിടുന്നുണ്ട്, കാരണം എല്ലാവരും പാപികളുടെ കൂട്ടത്തിൽ നിന്നുള്ളവരുമാണ്. ഓരോരുത്തരും കുടുംബബന്ധത്തിൽ അവരവരുടേതായ രീതികളിൽ മുറിച്ചുമാറ്റൽ കൊണ്ടുവരുന്നു. തിരുവചനതത്വങ്ങളായ സ്നേഹം, ദയ, ഭാരംവഹിക്കൽ എന്നിവയിൽക്കൂടെ ദൈവകൃപയിൽ ആശ്രയിച്ചുനിന്നുകൊണ്ടു കുടുംബബന്ധങ്ങളിൽ സൗഖ്യം കൊണ്ടുവരുന്നതിന് ഓരോരുത്തർക്കും എപ്രകാരം സാധിക്കും?**

4. **കുടുംബങ്ങൾ നന്നായി പോകയും വളരെവേഗം അപ്രതീക്ഷിത അത്യാഹിതം നേരിടുകയും ചെയ്യുന്ന സംഭവങ്ങളുണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ദൈവവചനത്തിലും വാഗ്ദത്തങ്ങളിലും വിശ്വാസമർപ്പിച്ചു പോകുന്നത് എത്ര നിർണ്ണായകമാണ്? കാര്യങ്ങൾ നന്നായിരിക്കുമ്പോൾ ദോഷകരമായവയെ നേരിടാനുള്ള ആത്മിക ഒരുക്കം എത്ര പ്രധാനമാണ്?**